"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ്-എക്സൈസ്-ജീവനക്കാര്യം-കോഴിക്കോട് ഡിവിഷനിൽ ചേളന്നൂർ എക്സൈസ് റേഞ്ച് ഓഫീസിലെ എക്സൈസ് ഇൻസ്പെക്ടർ ശ്രീ.പി.സുരേഷിന്റെ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ് ) വകുപ്പ്**

സ.ഉ.(സാധാ) നം.492/2024/TAXES തീയതി,തിരുവനന്തപുരം, 10-06-2024

---

പരാമർശം:-

1. ശ്രീ.പി.സുരേഷിന്റെ 29.01.2022 ലെ അപേക്ഷ.
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 27.09.2023 ലെ (എൽ.ഡിസ്) എം.ആർ5-53663/2022/ആ.വ.ഡ നമ്പർ കത്ത്.
3. എക്സൈസ് കമ്മീഷണറുടെ 13.05.2022,16.10.2023 എന്നീ തീയതികളിലെ ഇ.എക്സ്.സി/1820/2022-എക്സ്.ഇ6 നമ്പർ കത്തുകൾ.

**ഉത്തരവ്**

കോഴിക്കോട് ഡിവിഷനിൽ ചേളന്നൂർ എക്സൈസ് റേഞ്ച് ഓഫീസിലെ എക്സൈസ് ഇൻസ്പെക്ടർ ശ്രീ.പി.സുരേഷിന് കോഴിക്കോട് മെട്രോമെഡ് ആശുപത്രിയിൽ 16.10.2021 മുതൽ 09.11.2021 വരെ ചികിത്സ നടത്തിയതിൽ ചെലവായ തുക മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിനായി പരാമർശം (3) പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ സമർപ്പിക്കുകയുണ്ടായി.പ്രസ്തുത അപേക്ഷയിൽ 4,24,210/-രൂപ അനുവദനീനിയമാണെന്ന് പരാമർശം (2) പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കോഴിക്കോട് ഡിവിഷനിൽ ചേളന്നൂർ എക്സൈസ് റേഞ്ച് ഓഫീസിലെ എക്സൈസ് ഇൻസ്പെക്ടർ ശ്രീ.പി.സുരേഷിന്റെ ചികിത്സയ്ക്ക് 16.10.2021 മുതൽ 09.11.2021 വരെ കോഴിക്കോട് മെട്രോമെഡ് ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ 4,24,210/- രൂപയുടെ 80 ശതമാനമായ 3,39,368/- രൂപ (മൂന്ന് ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി മുന്നൂറ്റി അറുപത്തിയെട്ട് രൂപ മാത്രം), ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് 1960- ലെ കേരള ഗവ.സെർവെന്റ്സ് മെഡിക്കൽ അറ്റന്റൻസ് റൂളിലെ നിലവിലെ ചട്ടങ്ങളിൽ ഇളവ് വരുത്തി, പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷജില എസ്

ഡെപ്യൂട്ടി സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം (ബില്ലുകളും അനുബന്ധ രേഖകളും സഹിതം ).

2.ശ്രീ.പി.സുരേഷ്,എക്സൈസ് ഇൻസ്പെക്ടർ,ചേളന്നൂർ എക്സൈസ് റേഞ്ച് ഓഫീസ് ,കോഴിക്കോട് ഡിവിഷൻ (എക്സൈസ് കമ്മീഷണർ മുഖേന ).

3.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്-ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം.

4.ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് (G2/837/2022/H&FWD DATED 11/10/2022).

5.ധനകാര്യ വകുപ്പ് (2692794-LOANS-L4/35/2024-FIN DATED 20/05/2024).

6.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ).

7.കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 10-06-2024 10:13:34
സെക്ഷൻ ഓഫീസർ